LIBRARY ARCHIVES Kerala Legislative Assembly

അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്യുകയാണ്. വർക്കിംഗ് അറേഞ്ച്മെന്റ് പ്രകാരം ഡോക്ടർമാരെ നിയമിച്ചിട്ടുള്ളതിനാൽ ഇവിടെ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്: സ്പെഷ്യലിസ്റ്റ് ഡോക്ടർമാർമാരുടെ ഒഴിവുകൾ സർവീസിൽ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽ നിന്ന് ഓപ്ഷൻ സ്വീകരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 24 കിടക്കകൾ വീതമുള്ള നേര്യമംഗലം, പല്ലാരിമംഗലം സി.എച്ച്.സി.-കളിൽ രണ്ട് ഡോക്ടർമാരുടെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. നിലവിൽ ഡോക്ടർമാരുടെ ഒഴിവുകളില്ല. എം.എൽ.എ. ഫണ്ടുപയോഗിച്ചുള്ള പുതിയ ഐപി. കെട്ടിടങ്ങൾ നിർമ്മാണ ഘട്ടത്തിലാണ്. ഈ സിഎച്ച്സി- കളിൽ ഐ.പി. ആരംഭിക്കുന്നതിന് കൂടുതൽ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഗവൺമെന്റിന് ലഭിച്ചിട്ടില്ല. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വാരപ്പെട്ടി സി.എച്ച്.സി യിൽ ഒ.പി 300 മുതൽ 350 വരെയും ഐ.പി ഇരുപതുമാണ്. ഐ.പി. നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അതിനാൽ കൂടുതൽ സപ്പോർട്ടിംഗ് സ്റ്റാഫിനെ നിയമിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

16. അലവൻസ് വർദ്ധനവ്

ശ്രീ. ഷാഫി പറമ്പിൽ : സർ, കേരളത്തിൽ ഓരോ വർഷവും ഏകദേശം ഇരുപത്തിനാലായിരത്തോളം പോസ്റ്റ്മോർട്ടങ്ങൾ നടക്കുന്നുണ്ട്. ഇതിൽ ഒൻപതിനായിരത്തോളം മെഡിക്കൽ കോളേജുകളിലും പതിനയ്യായിരത്തോളം ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലുമാണ് നടക്കുന്നത്. കേരളത്തിലാകെ 40-ൽ താഴെ പോലീസ് സർജൻമാരാണുള്ളത്. വേഗത്തിലും ഉയർന്ന നിലവാരത്തിലും പോസ്റ്റ്മോർട്ടം നടത്താൻ ആവശ്യത്തിന് പോലീസ് സർജൻമാർ വേണം. കൊലപാതകം, സ്ത്രീധനപീഡന മരണം, ദുരൂഹ മരണം, മരണ കാരണം വ്യക്തമല്ലാത്ത കേസുകൾ എന്നിവയിലെല്ലാം നിർബന്ധമായും പോലീസ് സർജൻതന്നെ പോസ്റ്റ്മോർട്ടം നടത്തണം. മെഡിക്കൽ കോളേജുകളില്ലാത്ത 9 ജില്ലകളിലും ആവശ്യത്തിന് പോലീസ് സർജൻമാരില്ലാത്തതിനാൽ ജനങ്ങൾ നട്ടം തിരിയുകയാണ്. പോസ്റ്റ്മോർട്ടം രാത്രികാലങ്ങളിൽ നടത്തണമെന്ന ആവശ്യം ഈ സഭയിൽ ബഹുമാനപ്പെട്ട ശ്രീ. എൻ. എ. നെല്ലിക്കുന്ന് നിരവധി തവണ ഉന്നയിച്ചതാണ്. മറ്റൊരു വിഷയം എനിക്ക് അവതരിപ്പിക്കാനുള്ളത്, പോലീസ് സർജൻമാരെ കിട്ടാതിരിക്കാൻ പ്രധാന കാരണം അവർക്ക് നേരിടേണ്ടിവരുന്ന അവഗണനയാണ്. കേരളത്തിലെ പോലീസ് സർജന് ആഭ്യന്തര വകുപ്പിൽ വർക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പ്രതിമാസ അലവൻസ് 150 രൂപയാണ്. ഒരു ദിവസം 5 രൂപയാണ് ഗവൺമെന്റ് അലവൻസായി അവർക്ക് കൊടുത്തുകൊണ്ടിരിക്കുന്നത്. ഈ റേറ്റ് ഫിക്സ് ചെയ്തത് 1984-ലാണ്. അന്ന് എനിക്ക് ഒരു വയസ്സായിരിക്കും പ്രായം. ഈ റേറ്റ് മാറ്റിക്കൊടുക്കാൻ ഇതുവരെ ഒരു സർക്കാരും ശ്രമിച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തും നിരവധി നിവേദനങ്ങൾ കൊടുത്തതിന്റെ ഫലമായി ശമ്പളപരിഷ്കരണ കമ്മീഷന്റെ പരിഗണനയ്ക്ക് വിട്ടു. എന്നാൽ ഇത് പരിഗണനാ വിഷയമായ

LIBRARY ARCHIVES Kerala Legislative Assembly

അലവൻസുകളുടെ കൂട്ടത്തിൽ ഉൾപ്പെടില്ലെന്ന കാരണം പറഞ്ഞ് കമ്മീഷൻ ഈ അലവൻസിന്റെ കാര്യം കണക്കിലെടുത്തില്ല. ഈ സർക്കാരിന്റെ കാലത്തും കേരള മെഡിക്കോ ലീഗൽ സൊസൈറ്റി ധാരാളം നിവേദനങ്ങൾ നൽകിയിട്ടുണ്ട്. അടിസ്ഥാന ശമ്പളത്തിന്റെ 20 ശതമാനമാക്കി നിശ്ചയിച്ചാൽ പോലും സർക്കാരിന് വരുന്ന ചെലവ് ഒരു മാസം 2 ലക്ഷം രൂപയാണ്. കേരളത്തിൽ ജില്ലാ പോലീസ് സർജൻ എന്ന ഔദ്യോഗിക സ്ഥാനം പാലക്കാട് ജില്ലയിലെ ഒരു ഡോക്ടർക്കുമാത്രമേ നൽകിയിട്ടുള്ളൂ. ഈ അവഗണനകളുടെ ഫലമായി ഫോറൻസിക് മെഡിക്കൽ സ്പെഷ്യലിസ്റ്റുകളുടെ ഡോക്ടർമാർ സർക്കാർ സർവ്വീസിലേയ്ക്ക് വരാൻ മടിക്കുകയാണ്. അസിസ്റ്റന്റ് പോലീസ് സർജന് പ്രതിമാസം 125 രൂപയും ഡെപ്യൂട്ടി പോലീസ് സർജന് പ്രതിമാസം 150 രൂപയും പോലീസ് സർജന് പ്രതിമാസം 190 രൂപയുമാണ് നമ്മൾ കൊടുക്കുന്ന അലവൻസ്. ഇത് ഈ കാലഘട്ടത്തിന് യോജിച്ചതാണോ ? ഇരുപത്തി നാലായിരത്തോളം പോസ്റ്റ്മോർട്ടം ഒരു വർഷം നടക്കുകയാണ്. ദിവസങ്ങളോളം സൂക്ഷിക്കുന്ന ചീഞ്ഞളിഞ്ഞ മൃതദേഹംപോലും ഇവർക്ക് പോസ്റ്റ്മോർട്ടം ചെയ്യേണ്ടിവരുന്നു. വലിയ അവഗണനയാണ് ഇവരോട് കാണിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന ആളുകൾക്കുപോലും ദിവസം ഇതിലേറെ ശമ്പളം കൊടുക്കുമ്പോൾ പോലീസ് സർജന് അലവൻസായി ഒരു മാസം 125 ഉം 150 ഉം രൂപ കൊടുക്കുന്നത് വളരെ അപമാനകരമാണ്. ഇതുമായി ബന്ധപ്പെട്ട് പല കമ്മിറ്റികളുടെ ശുപാർശകളുമുണ്ട്. ശുപാർശ പരിഗണിച്ചുവരുന്നുണ്ട് എന്നത് നമുക്കെല്ലാവർക്കും അറിയാം. പക്ഷേ ഇതിലൊരു തീരുമാനം സർക്കാർ എന്നത്തേക്ക് എടുക്കുമെന്ന് പറയണം. അടിയന്തരമായി ഈ പ്രശ്നം പരിഹരിക്കണമെന്ന് ഈ സഭയുടെ മുമ്പാകെ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, പോലീസ് സർജൻമാരുടെ പ്രതിമാസ അലവൻസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി നൽകിയ ശുപാർശ വിശദമായി പരിശോധിച്ച് അഭിപ്രായം അറിയിക്കുന്നതിനായി ആഭ്യന്തര വകുപ്പ് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് നൽകിയിരുന്നു. അസിസ്റ്റന്റ് പോലീസ് സർജൻമാരുടെ പ്രതിമാസ അലവൻസ് 150 രൂപയിൽ നിന്ന് 6000 രൂപയായും പോലീസ് സർജൻമാരുടെയും പ്രൊഫസർമാരുടെയും പ്രതിമാസ അലവൻസ് 190 രൂപയിൽനിന്ന് 8000 രൂപയായും വർദ്ധിപ്പിക്കുന്നതിനായി നൽകിയ ശുപാർശ പരിശോധിച്ചുവരികയാണ്. വളരെ പെട്ടെന്നുതന്നെ അതുമായി ബന്ധപ്പെട്ടുള്ള തീരുമാനമെടുക്കുന്നതാണ്. 17 ആശുപത്രികളിലായി ഫോറൻസിക് വിഭാഗം ഡോക്ടർമാരുടെ 17 തസ്തികകൾ നിലവിലുണ്ട്. എന്നാൽ നിലവിൽ 5 ആശുപത്രികളിൽ മാത്രമാണ് ഫോറൻസിക് വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത കുറവ് പരിഹരിക്കുന്നതിന് സർവീസിൽ ബിരുദാനന്തര ബിരുദമുള്ള ഡോക്ടർമാരിൽനിന്ന് ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനം നടത്താനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.